"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി - 2025-26 സാമ്പത്തിക വർഷത്തിൽ "2515-00-102-25(P)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60 കോടി രൂപയ്ക്ക് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2136/2025/LSGD തീയതി,തിരുവനന്തപുരം, 29-08-2025

---

പരാമർശം:-

1. 16/07/2021-ലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ
2. 28/05/2022-ലെ സ.ഉ.(കൈ) നം.115/2022/തസ്വഭവ
3. 08/07/2022-ലെ സ.ഉ.(കൈ) നം.146/2022/തസ്വഭവ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09/07/2025-ലെ LSGD/PD/31587/2024-SPMC1 നം കത്ത്.
5. 14/08/2025-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിറ്റ്സ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരെയും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021 -ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യം.

2. പരാമർശം (1) മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്.

3. തുടർന്ന് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ വ്യക്തികളേയും കുടുംബങ്ങളേയും അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനായി പരാമർശം (3) പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൈക്രോപ്ലാൻ തയ്യാറാക്കുകയും ചെയ്തു.

4. അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിക്കുള്ള സർക്കാരിന്റെ പ്രത്യേക സഹായധനമായി 60 കോടി രൂപ 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ "2515-00-102-25(P)" എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുണ്ട്.

5. ആയതിന്റെ അടിസ്ഥാനത്തിൽ, ടി തുക താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് ഭരണാനുമതി നല്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| Sl. No. | Purpose | Amount |
|---|---|---|
| 1. | To allocate gap fund to LSGD/LSGI's for ensuring safe shelter for extreme poor families in need of safe shelter. | 52.80 Cr |
| 2. | Special Care fund for High-End Treatment costs of EPEP families in need of major treatments related to Cancer, Cardiac and Kidney diseases. | 10.00 Lakhs |
| 3. | Award for the best performing districts First, Second & Third prizes for the Districts who have attained EPEP Free Status. | 1.20 Cr |
| 4. | Award for the best performing local self-government institutions which declare EPEP Free Status first. (Panchayat, Municipality, Corporation) | 75.00 Lakhs |
| 5. | Setting up a state cell to monitor the services provided to the extremely poor families in the state after the declaration of extreme poverty-free status. | 10.00 Lakhs |
| 6. | Kudumbashree (For maintaining dashboard ) | 5.00 Lakhs |
| 7. | Make use of the revenue land identified for allocating houses and land to the extremely poor families. | 1.00 Cr |
| 8. | Local self -government with a large number of extremely poor families and low own income will be given the support for food & medicine . (27 LSGIs) | 2.00 Cr |
| 9. | Conducting social audit of LSGIs including the remuneration of resource persons. | 2.00 Cr |
| | Total | 60 Cr |

6. 14/08/2025-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ്യോഗം പരാമർശം (5) പ്രകാരം ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി മേൽ ശിപാർശയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്.

1. Duplication of state share to the same beneficiary under Life Mission

shall be avoided.

2. The expenditure would be met from the provision available under the appropriate head of account.

3. The fund release will be based on actual requirement and the fund released should not be parked in banks.

4. Store Purchase Rules shall be strictly adhered to, if applicable.

5. Tender/e-tender and other stipulated formalities shall be followed wherever necessary.

6. Post creation and purchase of vehicles are not admissible under the scheme.

7. For hiring of project staff/man power as part of project implementation, instructions issued in G.O(P)No.76/2019/Fin. Dated 02.07.2019 and G.O(P)No.81/2019/Fin dated 09.07.2019 shall be followed.

7. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്കായി 2025-26 ബഡ്ജറ്റിൽ "2515-00-102-25(P)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 60 കോടി രൂപക്ക് (രൂപ അറുപത് കോടി മാത്രം) മേൽ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

ധനകാര്യ (വികസന) വകുപ്പ് (22.08.2025-ലെ Dev-3/186/2025-Fin പ്രകാരം)

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ഐ.എ.1/187/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 29-08-2025 17:02:58

സെക്ഷൻ ഓഫീസർ